(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.റ്റി.വി.എം/ജി.പി-1/1116/2015 കേരളാ സംസ്ഥാന ഓഡിറ്റ് വകുപ്പ്

സീനിയർഡെപ്യൂട്ടി ഡയറക്ടറുടെ

ജില്ലാ ഓഡിറ്റ് കാര്യാലയം,

തിരുവനന്തപുരം.തീയതി 15.10.2015

**സീനിയർ ഡെപ്യൂട്ടി ഡയറക്ടർ**

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

ആനാട് ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : ആനാട് ഗ്രാമപഞ്ചായത്ത് - 2013-14 സാമ്പത്തിക വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ആനാട് ഗ്രാമപഞ്ചായത്തിന്റെ 2013-14 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം-2ലെ 2-3 ഖണ്ഡികയിലേയ്ക്കും ഭാഗം-3ലെ 3-7 ഖണ്ഡികയിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ,

(ഒപ്പ്)

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1) കേരളാ സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3) കാര്യാലയ പകർപ്പ്.

**നം.കെ.എസ്.എ.റ്റി.വി.എം/ജി.പി-1/1116/2015** **തീയതി 15.10.2015**

## തിരുവനന്തപുരം ജില്ലയിലെ ആനാട് ഗ്രാമപഞ്ചായത്തിന്റെ 2013-14സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള

## ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ ആനാട് ഗ്രാമപഞ്ചായത്തിന്റെ 2013-14 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 12.02.2014 മുതൽ 10.05.2015 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 23 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 15 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | എസ് മുരളീധരൻ നായർ<br>ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 11.05.2015 മുതൽ 20.05.2015 (അസി ഓഡിറ്റ് ഓഫീസർമാരായ ശ്രീമതി ഡോളി ജോൺ, ശ്രീ മുഹമ്മദ് സലീം എന്നിവർക്ക് 21.05.2015 വരെ) | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.ജിനേഷ് വി.എം അസി ഓഡിറ്റ് ഓഫീസർ | |
| | ശ്രീ.ചാക്കോ.റ്റി അസി ഓഡിറ്റ് ഓഫീസർ | |
| | ശ്രീ.മുഹമ്മദ് സലീം.എ<br>ശ്രീമതി.ഡോളി ജോൺ | അസി ഓഡിറ്റ് ഓഫീസർ<br>അസി ഓഡിറ്റ് ഓഫീസർ |

### (ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി ഷീല പി എൻ | 01.04.2013മുതൽ 31.03.2014വരെ |
| സെക്രട്ടറി | ശ്രീ മോഹനൻ ചെട്ടിയാർ | 01.04.2013മുതൽ 31.03.2014വരെ |
| **നിർവ്വഹണ ഉദ്യോഗസ്ഥർ** | | |
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| കൃഷി ഓഫീസർ | ശ്രീമതി രശ്മി സി എൻ | 01.04.2013മുതൽ 31.03.2014വരെ |
| അസി എഞ്ചിനീയർ | ശ്രീമതി സജ്ന സെയ്ദ് | 01.04.2013മുതൽ |
| അസി എഞ്ചിനീയർ | ശ്രീ ജ്യോതിഷ് ചന്ദ്രൻ | 31.03.2014വരെ |
| മെഡിക്കൽഓഫീസർ (പി എച്ച് സി) | ഡോ. ഹരി കുമാർ | 01.04.2013മുതൽ 31.03.2014വരെ |
| മെഡിക്കൽഓഫീസർ (ഹോമിയോ) | ഡോ.വീണ | 01.04.2013മുതൽ 31.03.2014വരെ |
| മെഡിക്കൽഓഫീസർ (ആയുർവേദം) | ഡോ.മൈഥിലിക്കുട്ടി | 01.04.2013മുതൽ 31.03.2014വരെ |
| ഹെഡ്മാസ്റ്റർ | ശ്രീ വിജയൻനായർ | 01.04.2013മുതൽ 31.03.2014വരെ |
| ഐ സി ഡി എസ് സൂപ്പർവൈസർ | | |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീമതി ശകുന്തള | 01.04.2013മുതൽ 31.03.2014വരെ |

| | | |
|---|---|---|
| വി ഇ ഒ 1 | ശ്രീമതി ലത്തീഫാ ബീഗം | 01.04.2013മുതൽ 31.03.2014വരെ |
| വി ഇ ഒ 11 | ശ്രീ സുചിത്രൻ | 01.04.2013മുതൽ 31.03.2014വരെ |

## ഉള്ളടക്കം


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 | |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം | 1-6 | |
| 7 | തനത് വരുമാനം | 1-7 | |
| 8 | ക്ഷേമ പദ്ധതികൾ | 1-8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 | |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | |
| | ഭാഗം 2 | | |
| 12 | രസീത് പരിശോധനയിൽ കണ്ടെത്തിയ നിരീക്ഷണങ്ങൾ | 2-1 | |
| 13 | പിരിച്ചെടുത്ത തുക ഒടുക്കു വരുത്താതെ കയ്യിൽ സൂക്ഷിച്ചു | 2-2 | |
| 14 | പരസ്യ നികുതി കുടിശ്ശിക ഈടാക്കിയിട്ടില്ല | 2-3 | |
| | ഭാഗം 3 | | |
| 15 | എച്ച്.എം നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പ്രോജക്റ്റുകളുടെ പരിശോധന. | 3-1 | |
| 16 | കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പ്രോജക്റ്റുകളുടെ പരിശോധന | 3-2 | |
| 17 | രോഗ പ്രതിരോധ പ്രവർത്തനങ്ങൾക്ക് സർക്കാർ ഉത്തരവിനു വിരുദ്ധമായി തുക ചെലവഴിച്ചു | 3-3 | |
| 18 | വി.ഇ.ഒ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പ്രോജക്ടുകളുടെ പരിശോധന | 3-4 | |
| 19 | വെറ്റിനറി സർജൻ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പ്രോജക്ടുകളുടെ പരിശോധന | 3-5 | |
| 20 | സാധുക്കളായ വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം-കാലതാമസം ഒഴിവാക്കേണ്ടതാണ് | 3-6 | |
| 21 | ആസ്തി രജിസ്റ്ററിന്റെ പരിശോധന | 3-7 | |
| | ഭാഗം 4 | | |
| 22 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 | |
| 23 | ഡെപ്പോസിറ്റ് വർക്കിന് നൽകിയിരുന്ന പ്രവൃത്തികളുടെ വിശദാംശം | 4-2 | |

| | | | |
|---|---|---|---|
| 24 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |
| 25 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 | |
| 26 | സ്ഥിരനിക്ഷേപങ്ങൾ | 4-5 | |
| 27 | ഓഡിറ്റ് റിക്കവറി | 4-6 | |
| 28 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 | |
| 29 | ഓഡിറ്റ് പ്രത്യവലോകനം | 4-8 | |
| 30 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 | |

# ഭാഗം -1
# പൊതു അവലോകനം
# പൊതു അവലോകനം

## 1-1 ബജറ്റ്

2013-14വർഷത്തെ ബജറ്റ് 27.03.2013ലെ 1 തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷിക ധനകാര്യപത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എന്ട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| ജൂലൈ 31 ,2014 | 27-07-14 | | |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2013-14 | | എൽ.എഫ്.റ്റി.ഡി.എഫ്1-<br>1004/ 14 |

## 1-4 സാമ്പത്തിക വിശകലനം

മുന്നിരിപ്പ് - 25069792

വരവ് - 76797319

ആകെ - 101867111

ചെലവ് - 74989458

നീക്കിയിരിപ്പ് - 26877653

# 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 3173444 | 12539000 | 15712444 | 13462394 | 2250050 | 85.67 |
| വികസനഫണ്ട് എസ്.സി.പി. | 1353838 | 3578000 | 4931838 | 4210322 | 721516 | 85.37 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 33000 | 33000 | 33000 | 0 | 100 |
| സംരക്ഷണഗ്രാന്റ് റോഡ്<br>സംരക്ഷണഗ്രാന്റ് നോൺറോഡ് | 5956035 | 11298000 | 17254035 | 16005934 | 1248101 | 92.76 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 3146320 | 6740140 | 9886460 | 8445705 | 1440755 | 85.42 |
| പെർഫോമൻസ് ഗ്രാന്റ് | 0 | 0 | 0 | 0 | 0 | 0 |
| എം.എൻ.ആർ.ഇ.ജി.എസ്. | 13312 | 2300938 | 2314250 | 2263048 | 51202 | 97.78 |
| ബി ഫണ്ട് | 0 | 17549716 | 17549716 | 17549716 | 0 | 100 |
| സാക്ഷരത | 3494 | 0 | 3494 | 0 | 3494 | -- |
| റ്റി.എസ്.സി | ---- | 33000 | 33000 | 33000 | --- | 100 |
| ഐ.സി.ഡി.എസ് (കേന്ദ്രവിഹിതം) | ------ | 126445 | 126445 | 126445 | ----- | ----- |
| റിലീഫ് ഫണ്ട് | 4267 | 23113 | 27380 | 16000 | 11380 | 58 |

# 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| 201 | 62594477 | 193 | 44539257 | 7 | 1 | 96 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ആനാട് മാർക്കറ്റ് റോഡിൽ പാലം നിർമ്മാണം- മരാമത്ത് പ്രവൃത്തികൾ അപാകതകളില്ലാതെ നടപ്പിലാക്കിയിട്ടുണ്ട്. മരാമത്ത് നിയമങ്ങൾ, പി.ഡബ്ല്യൂ.ഡി മാന്വൽ, ഗുണഭോക്തൃ സമിതി മാർഗ്ഗരേഖ എന്നിവ പരിപാലിച്ചിട്ടുണ്ട്. അസി.എഞ്ചിനീയറുടെ പ്രവർത്തിനിർവ്വഹണം പ്രശംസനീയമാണ്.

## 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം (2012-13) | തൻവർഷം (2013-14) | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | | | | |
| തൊഴിൽ നികുതി | 1176510 | 1319650 | 143140 | +12 |
| പരസ്യ നികുതി | 8300 | 8425 | 125 | +1.5 |
| നികുതിയേതര വരവുകൾ | | | | |
| ലേലം | 34600 | 22800 | (-)11800 | -34 |
| ഷോപ്പിംഗ് കോംപ്ലക്സ് വാടക | 85432 | 102828 | 17396 | 20.36 |
| ഡി ആന്റ് ഓ ലൈസൻസ് | 332210 | 318500 | 13710 | -4.1 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 466560 | 647 |
| കർഷകതൊഴിലാളി പെൻഷൻ | 4187575 | 905 |
| വിധവാപെൻഷൻ | 7502373 | 1234 |
| വാർദ്ധക്യകാലപെൻഷൻ | 2622655 | 787 |
| വികലാംഗപെൻഷൻ | 2087426 | 326 |
| വിധവകളുടെ പെൺമക്കൾക്കുള്ള ധനസഹായം | 180000 | 10 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള ധനസഹായം | 364332 | 57 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 11-05-15 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 1377 രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം.

വരവിനങ്ങളായ വസ്തുനികുതി,തൊഴിൽ നികുതി,ലേലം തുടങ്ങിയവയുടെ രജിസ്റ്ററുകളുടെ പരിപാലനം തൃപ്തികരമല്ല. ആസ്തിരജിസ്റ്റർ പൂർണ്ണമല്ല. ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമാക്കേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 7-04-14 | 01-04-13 മുതൽ 31-03-14 വരെ | 23-07-14 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 27-06-12 മുതൽ 10-7-12 വരെ | 2007-08 മുതൽ 2011-12 വരെ | 23-08-12 |

# ഭാഗം -2
# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 രസീത് പരിശോധനയിൽ കണ്ടെത്തിയ നിരീക്ഷണങ്ങൾ

പഞ്ചായത്തിലെ സാംഖ്യ അക്കൗണ്ടിംഗ് സമ്പ്രദായത്തിലെ രസീതുകൾ പരിശോധിച്ചതിൽ ഗ്രാമ പഞ്ചായത്തിലെ രസീതുകൾ കൈകാര്യം ചെയ്യുന്നതിൽ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്) ചട്ടങ്ങളിലെ പല നിർദേശങ്ങളും പാലിക്കപ്പെടുന്നില്ല എന്നു കണ്ടു .

1) സാംഖ്യ ക്യാൻസൽ രസീതുകളുടെ കോപ്പികൾ സൂക്ഷിക്കുന്നില്ല.

ക്യാൻസൽ ചെയ്ത രസീതുകൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തി കൗണ്ടർ ഫോയിലിനോടൊപ്പം സൂക്ഷിച്ചിട്ടില്ല.

2) ക്യാഷ് ബുക്ക് ,ബാങ്ക് ബുക്ക് എന്നിവയുടെ ദിനാന്ത്യ ,മാസാന്ത്യ ,വർഷാന്ത്യ ക്ലോസിംഗ് നടത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല .

3) രസീതുകൾ സ്റ്റേഷനറി നംപർ ക്രമത്തിൽ സൂക്ഷിക്കുന്നില്ല.

4) ഡേ ബുക്ക്, ക്യാൻസൽ റെസീപ്റ്റ് റിപ്പോർട്ട് എന്നിവ സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

## 2-2 പിരിച്ചെടുത്ത തുക ഒടുക്കു വരുത്താതെ കൈയ്യിൽ സൂക്ഷിച്ചു.

പഞ്ചായത്തിലെ യു.ഡി ക്ലാർക്കായ ശ്രീ.മുരളീകൃഷ്ണ കുമാർ പിരിച്ചെടുത്ത താഴെ വിവരിക്കുന്ന തുകകൾ ഒടുക്കാതെ കൈയ്യിൽ സൂക്ഷിച്ചു .

| രസീത് നമ്പർ / തീയതി | തുക |
|---|---|
| 18/25310 | 811 |
| 63/25314 | 69 |
| 64/25314 | 384 |
| 76/25314 | 633 |
| ആകെ | 1897/- |

ഓഡിറ്റ് വേളയിൽ ഈ പിഴവ് ശ്രദ്ധയിൽപ്പെടുത്തുകയും ഉത്തരവാദിയായ ശ്രീ.മുരളീകൃഷ്ണ കുമാർ ടി തുക ഒടുക്കു വരുത്തുകയും ചെയ്തു. ഭാവിയിൽ ഇത്തരം നടപടികൾ ആവർത്തിക്കരുതെന്ന് നിർദ്ദേശിക്കുന്നു.

## 2-3 പരസ്യ നികുതി കുടിശ്ശിക ഈടാക്കിയിട്ടില്ല.

ഗ്രാമ പഞ്ചായത്ത് 2013-14 സാമ്പത്തിക വർഷത്തിലെ പരസ്യ നികുതി പിരിവ് ചുവടെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി ശ്രീ ജയരാജ് ജെ,കല്ലടക്കുന്ന്,നാഗച്ചേരി, ആനാട് എന്നയാളിന് 8425.00രൂപയും 10% വാറ്റും ഉൾപ്പെടെയുള്ള തുകയ്ക്ക് ലേലം ഉറപ്പിച്ച് നൽകി.(25.3.13-ലെ ലേലം.) ലേലത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ ലേല സമയത്തിനുമുൻപ് നിശ്ചിത തുക നിരതദ്രവ്യം കെട്ടിവച്ച് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

ഏറ്റവും കൂടിയ തുക വിളി കേൾക്കുന്ന ആളിന്റെ പേരിൽ ലേലം താത്കാലികമായി സ്ഥിരപ്പെടുന്നതും ലേലത്തുക ഒന്നായി അടച്ച് രസീത് വാങ്ങേണ്ടതുമാണ്.പരസ്യ നികുതി ഫി പിരിപ്പിക്കുന്നതിന് നിശ്ചിത നിരക്ക് വിവരം കാണിച്ച് സ്വന്തം ചിലവിൽ രസീത് അടിച്ച് പഞ്ചായത്ത് ഓഫിസ് മുദ്ര വച്ച് ഫീസ് പിരിക്കാൻ ലേലം പിടിച്ചയാൾ ബാധ്യസ്ഥനാണ്.ലേലവ്യവസ്ഥ പ്രകാരം ലേലത്തുക മുഴുവനും ഒന്നായി ഒടുക്കു വരുത്തിയിട്ടില്ല. കൂടാതെ 25288/ 74&75/30-3-13 രസീതുകളിൽ നിരത ദ്രവ്യവും ഡെപ്പോസിറ്റു തുകയുമായി 3000/- രൂപ മാത്രമേ ഒടുക്കു വരുത്തിയിട്ടുള്ളൂ. ലേലത്തുകയിൽ ബാക്കിയുള്ള തുക ഒടുക്ക് വരുത്തിയിട്ടില്ല. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 16 ന് മറുപടിയായി തുക ഈടാക്കാൻ നടപടി സ്വീകരിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. 2013-14 വർഷത്തെ വരവു തുക ഓഡിറ്റ് നടക്കുന്ന വേളയിലും ഒടുക്ക് വരുത്തിയിട്ടില്ല. ആയതിനാൽ പ്രസ്തുത തുക ബന്ധപ്പെട്ട കരാറുകാരനിൽനിന്നും റവന്യൂറിക്കവറിയിലൂടെ ഈടാക്കേണ്ടതാണ്. 2 മാസത്തിനുള്ളിൽ പഞ്ചായത്ത് സെക്രട്ടറി ഇതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

# ഭാഗം -3

# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 എച്ച്.എം നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പ്രോജക്റ്റുകളുടെ പരിശോധന.

**3-1(1) ശ്രദ്ധേയമായ ചില പ്രോജക്റ്റുകൾ.**

കുട്ടികളുടെ മാനസികവും ബൗദ്ധികവുമായ നിലവാരം മെച്ചപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ മികവാർന്ന ചില നൂതന ആശയങ്ങൾ സ്കൂളുകളിൽ തൻവർഷം നടപ്പിലാക്കിയിട്ടുണ്ട്. ലളിത കലകളിൽ കുട്ടികളെ പ്രാവീണ്യമുള്ളവരാക്കുവാനുള്ള പരിശീലന പരിപാടിയും സാംസ്കാരിക നവോത്ഥാന നായകരേയും അവരുടെ സംഭാവനകളേയും കുട്ടികൾക്ക് പരിചയപ്പെടുത്തുവാനുള്ള ഫോട്ടോഗാലറിയും കുട്ടികളുടെ സിനിമാ നിർമ്മാണവും ഉദാഹരണങ്ങളാണ്.

**3-1(2)പ്രോജക്റ്റുകളുടെ ധനവിനിയോഗം**

എച്ച്.എം.നടപ്പിലാക്കിയ പ്രോജക്റ്റുകളിൽ ഗുരുതരമായ പിഴവ് കടന്നുകൂടിയിട്ടുണ്ട്. 12-ാം പദ്ധതി മാർഗ്ഗരേഖ [ജി.ഒ.(എം.എസ്.)259/2012 ത.സ്വ.ഭ.വ. തീയതി 18-8-2012 ചട്ടം 6-3] അനുസരിച്ച് കുട്ടികളുടെ സർഗ്ഗാത്മക ശേഷി ഉയർത്തുന്നതിനുള്ള പ്രവർത്തനങ്ങൾ SSA പങ്കാളിത്തത്തോടെ വേണം നടപ്പിലാക്കുവാൻ.കൂടാതെ വികസന ഫണ്ട് ആസ്തി നിർമ്മാണം എന്ന ലക്ഷ്യത്തോടെയല്ലാതെ ഉപയോഗിക്കരുതെന്നും മാർഗ്ഗരേഖ നിർദ്ദേശിക്കുന്നു. എച്ച്.എം.നിർവ്വഹണ ഉദ്യോഗസ്ഥനായി വികസന ഫണ്ട് ഉപയോഗിച്ച് നടപ്പാക്കിയ പ്രവർത്തനങ്ങൾ (ആകെ ചെലവ് 24,61500.00രൂപ) എല്ലാംതന്നെ മാർഗ്ഗരേഖ പാലിക്കാതെയുള്ളതാണ്. ഭാവിയിൽ ഇത്തരം പാളിച്ചകൾ ഉണ്ടാകാതിരിക്കുവാൻ ശ്രദ്ധ പുലർത്തേണ്ടതാണ്. ഇത്തരം ചെലവുകൾക്ക് മുൻകൂർ അനുമതി നേടിയെടുക്കുവാനും ശ്രദ്ധിക്കേണ്ടതാണ്.

## 3-2 കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പ്രോജക്റ്റുകളുടെ പരിശോധന.

(1) ആനാട് ഗ്രാമ പഞ്ചായത്ത് അടിസ്ഥാനപരമായി ഒരു കാർഷിക മേഖലയാണ്. എന്നാൽ കാർഷിക അഭിവൃദ്ധി ലക്ഷ്യമാക്കി 2013-14 സാമ്പത്തിക വർഷം അധികം പദ്ധതികളൊന്നും നടപ്പിലാക്കിയിട്ടില്ല ഏഴു പദ്ധതികളിലായി 8,27,402.00 രൂപ മാത്രമാണ് കൃഷിക്കായി വകയിരുത്തിയിട്ടുള്ളത്. എന്നാൽ ഈ തുകയുടെ 38% ആയ 3,16,218/- രൂപ മാത്രമാണ് ചെലവഴിക്കപ്പെട്ടത്. ഗുണഭോക്തൃ വിഹിതം അടക്കുവാൻ ജനങ്ങൾ തയ്യാറാകാത്തതാണ് ഈ അവസ്ഥയ്ക്ക് കാരണമെന്ന് കൃഷി ഓഫീസർ വിശദീകരണം നൽകി. കാർഷികമേഖലയ്ക്ക് പ്രാധാന്യം നൽകി കൂടുതൽ പദ്ധതികൾ ആസൂത്രണം ചെയ്യാൻ നടപടി സ്വീകരിക്കേണ്ടതാണ്.

(2)പഞ്ചായത്തിലെ നെൽകൃഷിഴ്ക് യോഗ്യമായ ഭൂമിയെ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകയറി നം.9 ന് കൃഷി ഓഫീസർ നൽകിയ മറുപടി സവിശേഷ ശ്രദ്ധ അർഹിക്കുന്നതാണ്.2011-12 വർഷ കാലയളവിൽ 4 ഹെക്റ്ററോളം നിലത്ത് കൃഷി ചെയ്തിരുന്ന അവസ്ഥയിൽ നിന്ന് 2013-14 ആയപ്പോൾ അത് ഒന്നാം വിളയ്ക്ക് 2.28 ഹെക്റ്ററും രണ്ടാം വിളയ്ക്ക് 0.26 ഹെക്റ്ററുമായി ചുരുങ്ങി. കർഷകർ നെൽകൃഷി ഉപേക്ഷിച്ച് മരച്ചീനി, വാഴ എന്നീ വിളകളിലേക്ക് തിരിഞ്ഞിരിക്കുന്നതായി കാണുവാൻ കഴിഞ്ഞു. ഈ സാഹചര്യങ്ങളാൽ സമഗ്ര നെൽകൃഷി വികസനം എന്ന പ്രോജക്റ്റ് പൂർണ്ണതയിലെത്തിക്കാൻ പഞ്ചായത്തിന് കഴിഞ്ഞിട്ടില്ല.നെടുമങ്ങാട് താലൂക്കിലെ തന്നെ പ്രമുഖ വയലേലകളിലൊന്നായ മുണ്ടൂർക്കോണം ഏലായിലെ നെൽകൃഷിയെ സംരക്ഷിച്ച് നിർത്തുവാൻ കർഷകരുടേയും പഞ്ചായത്തിന്റേയും കൃഷി വകുപ്പിന്റേയും കൂട്ടായ പരിശ്രമം ഉണ്ടാകേണ്ടത് അനിവാര്യമാണ്.

## 3-3 രോഗ പ്രതിരോധ പ്രവർത്തനങ്ങൾക്ക് സർക്കാർ ഉത്തരവിനു വിരുദ്ധമായി തുക ചെലവഴിച്ചു.

| | |
|---|---|
| പ്രോജക്റ്റ് നംപർ | SOO58/14 |
| അടങ്കൽ | 400000/- |
| ചെലവു തുക | ബിൽ നം .13/13-14 12/02/14 14730/-<br>ബിൽ നം 16/13-14 15/03/14 8000 /-<br>ബിൽ നം 18/13-14 24/03/14 10000/- |
| ആകെ | 32730/- |

മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ പൾസ് പോളിയോ ഇമ്മ്യൂണൈസേഷനും മന്ത് രോഗ പ്രതിരോധത്തിനുമായി 32730/-രൂപ വികസന ഫണ്ടിൽ നിന്നും ചെലവഴിച്ചു. എന്നാൽ 07/01/2013 ലെ സ.ഉ.സാധാരണ നം . 53/13 ത.സ്വ.ഭ.വ ഉത്തരവു പ്രകാരം പൾസ് പോളിയോ ഇമ്മ്യൂണൈസേഷന് തനത് ഫണ്ടിൽ നിന്നും രണ്ടു തവണത്തേയ്ക്ക് 10000/- രൂപയും 14/02/2013 ലെ സ.ഉ.സാധാരണ നം . 407/2013 ത.സ്വ.ഭ.വ ഉത്തരവു പ്രകാരം മന്ത് രോഗ പ്രതിരോധത്തിനായി തനത് ഫണ്ടിൽ നിന്നും 10000/- രൂപയുമാണ് അനുവദനീയമായിട്ടുള്ളത്. എന്നാൽ ഈ പദ്ധതിയിൽ ഉത്തരവിനു വിരുദ്ധമായി വികസനഫണ്ടിൽ നിന്നുമാണ് ഫണ്ട് ചെലവഴിച്ചിട്ടുള്ളത്. കൂടാതെ അനുവദനീയമായതിൽ കൂടുതൽ തുകയായ 12730/- രൂപയും ചെലവഴിച്ചിട്ടുണ്ട് . ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകയറി-2നുള്ള മറുപടിയിൽ രണ്ട് ദേശീയ പരിപാടികളുടെയും പരിപൂർണ്ണ വിജയത്തിനാണ് തുക ചെലവഴിച്ചതെന്നും മേലിൽ പദ്ധതികൾ നടപ്പിലാക്കുമ്പോൾ മാർഗരേഖയ്ക്ക് അനുസൃതമായി മാത്രമേ പദ്ധതികൾ ആവിഷ്കരിക്കുകയുള്ളുവെന്നും അറിയിച്ചിട്ടുണ്ട്. സർക്കാർ ഉത്തരവു പ്രകാരം തനത് ഫണ്ടിൽ നിന്നും ചെലവഴിക്കാൻ നിർദേശം നൽകിയ പദ്ധതിയ്ക്ക് വികസനഫണ്ടിൽ നിന്നും ചെലവഴിച്ച നടപടി അംഗീകരിക്കാവുന്നതല്ല. ആയതിനാൽ പ്രസ്തുത പദ്ധതിയ്ക്കായി ചെലവഴിച്ച 32730/- രൂപ തടസം ചെയ്യുന്നു.

## 3-4 വി.ഇ.ഒ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പ്രോജക്ടുകളുടെ പരിശോധന

### 3-4(1)വി.ഇ.ഒ ചെലവഴിച്ച തുകയുടെ ആധികാരികത പരിശോധിക്കാൻ സാധിച്ചില്ല.

വി.ഇ.ഒയുടെ 2013-14 ലെ ട്രഷറി ബിൽ ബുക്ക് പരിശോധിച്ചതിൽ ആദ്യ അഞ്ച് പിൻവലിക്കലുകൾ ട്രഷറി ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടില്ല .പിൻവലിച്ച തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ബിൽ നമ്പർ /തീയതി | തുക |
|---|---|
| 1/13-14 | 600000/- |
| 2/13-14 | 96000/- |
| 3/13-14 | 500000/- |
| 4/13-14 | 304000/- |
| 5/13-14 | 925000/- |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകയറിയ്ക്കുള്ള മറുപടിയിൽ ട്രഷറി ബിൽ ബുക്ക് നഷ്ടപ്പെട്ടുപോകുകയും ഓഡിറ്റിന് ഹാജരാക്കിയ ബിൽബുക്ക് ഡ്യൂപ്ലിക്കേറ്റ് ആയതിനാലാണ് ട്രഷറി ഓഫീസറുടെ സാക്ഷ്യപ്പെടുത്തലുകൾ ഇല്ലാതെ പോയതെന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ ക്യാഷ് ബുക്ക്, ട്രഷറിയിൽ നിന്നുള്ള പിൻവലിക്കൽ സർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കാത്തതിനാൽ പിൻവലിക്കലുകളുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല. ട്രഷറിയിൽ നിന്നുള്ള പിൻവലിക്കൽ സർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കേണ്ടതും നിർവ്വഹണ ഉദ്യോഗസ്ഥർ ടി.ആർ 7-എ ക്യാഷ് ബുക്കിൽ വരവു ചെലവു വിവരം രേഖപ്പെടുത്തേണ്ടതും ഫണ്ട് വരവ് ചെലവ് വിവരം പ്രത്യേകം രേഖപ്പെടുത്തുന്ന സബ്സിഡിയറി രജിസ്റ്ററിൽ സൂക്ഷിക്കേണ്ടതുമാണ്.

**3-4(2) ഓണ ചന്ത – സബ്സിഡി മാർഗരേഖയ്ക്ക് വിരുദ്ധം - ചെലവു തുക തടസപ്പെടുത്തുന്നു.**

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | S0025/14 |
| അടങ്കൽ | 75000/- (വികസന ഫണ്ട്) |
| ചെലവുതുക | ബിൽ നം .54/19.03.14 |
| | രൂപ 75000/- |

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണം നടത്തിയ പ്രസ്തുത പദ്ധതിയിൽ ഓണചന്തയോടനുബന്ധിച്ച് നടത്തുന്ന ഘോഷയാത്ര, സംരംഭകർക്ക് ഉച്ച ഭക്ഷണം, സ്റ്റാൾ ക്രമീകരിക്കൽ, കലാപരിപാടികൾ എന്നിവയാണ് നടത്തിയിരിക്കുന്നത്. കുടുംബശ്രീ അക്കൗണ്ടിൽ നിന്നും 75000/- രൂപ ചെലവഴിക്കുകയും പിന്നീട് വികസന ഫണ്ടിൽ നിന്നും കുടുംബശ്രീ അക്കൗണ്ടിലേക്ക് ഡിഡി നം.040864/20.03.14 പ്രകാരം തിരികെ നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ പന്ത്രണ്ടാം പഞ്ചവൽസര പദ്ധതി മാർഗരേഖ പ്രകാരം(29.09.2013ലെ സ.ഉ.(എം.എസ് ) 248/2012/ത.സ്വ.ഭ.വ ) മാർഗരേഖ അനുബന്ധം 6 (7)(7) പ്രകാരം ഉൽപാദന പരമല്ലാത്ത പരിപാടികളായ ബോധവൽക്കരണ ക്യാമ്പയിനുകൾ,മേളകൾ,ഉത്സവങ്ങൾ തുടങ്ങിയവ തദേശഭരണ സ്ഥാപനങ്ങൾ പദ്ധതിയുടെ ഭാഗമായി ഏറ്റെടുക്കുവാൻ പാടില്ല. കൂടാതെ ഉൽപാദനപരമല്ലാത്ത പദ്ധതികൾക്ക് വികസന ഫണ്ട് ഉപയോഗിക്കാൻ പാടില്ല. മേൽ അപാകതകളുടെ അടിസ്ഥാനത്തിൽ പദ്ധതിയ്ക്കായി ചെലവഴിച്ച 75000/- രൂപ തടസം ചെയ്യുന്നു.

**3-4(3) മാർക്കറ്റ് ശുചീകരണം വികസന ഫണ്ടിൽ നിന്നും തുക ചെലവഴിച്ചത് അനുവദനീയമല്ല.**

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണം നടത്തിയ പദ്ധതിയിൽ 60000/- രൂപ വികസനഫണ്ടിൽ നിന്നും വകയിരുത്തുയും 60000/- രൂപ ( ബിൽ നം . 44/17.03.14 50000/- , ബിൽ നം 60/29.03.14 10000/-) ചെലവഴിക്കുകയും ചെയ്തു . ആനാട് മാർക്കറ്റ് വൃത്തിയാക്കി മാലിന്യം ശേഖരിച്ച് തരം തിരിച്ച് സംസ്കരിക്കലാണ് പദ്ധതി ലക്ഷ്യം . കുടുംബശ്രീ യൂണിറ്റിലുള്ള 4 വനിതകൾ ചേർന്ന് പ്രവർത്തിക്കുന്ന നിർമ്മൽ ആക്ടിവിറ്റി ഗ്രൂപ്പ് മുഖേനയാണ് മാലിന്യ സംസ്ക്കരണം നടക്കുന്നത് . മാലിന്യ സംസ്ക്കരണം പോലുള്ള ആവർത്തന ചെലവുകൾക്ക് തനത് ഫണ്ട് / ജനറൽ പർപ്പസ് ഫണ്ട് മാത്രമെ വിനിയോഗിക്കാവൂ . അതിന് വിരുദ്ധമായി വികസന ഫണ്ട് ചെലവഴിച്ചത് അനുവദനീയമല്ല . ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം 5 നുള്ള മറുപടിയിൽ മാലിന്യങ്ങൾ യഥാസമയം തന്നെ മാലിന്യ യൂണിറ്റ് സംസ്ക്കരിക്കുന്നുണ്ടെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഈ മറുപടി അംഗീകരിക്കാവുന്നതല്ല. ആയതിനാൽ പ്രസ്തുത ചെലവ് 60000/- രൂപ തടസ്സംചെയ്യുന്നു.

**3-4(4) സമ്പൂർണ്ണ ശുചിത്വ പരിപാടിയുടെ ധനസഹായം ഉൾപ്പെടുത്താതെ വികസന ഫണ്ടിൽ നിന്നും പൂർണ്ണമായി തുക വകയിരുത്തി.**

പന്ത്രണ്ടാം പഞ്ചവൽസര പദ്ധതി മാർഗരേഖ പ്രകാരം കക്കൂസ് നിർമ്മാണത്തിനുള്ള പദ്ധതികൾ നടപ്പിലാക്കുമ്പോൾ സമ്പൂർണ്ണ ശുചിത്വ പരിപാടിയുടെ ധനസഹായം വകയിരുത്തിയതിനുശേഷം ഈ നിരക്കിൽ അധികം നൽകേണ്ട തുകയായിരിക്കണം തദേശസ്വയംഭരണ സ്ഥാപനത്തിന്റെ വിഹിതമായി പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടത് . എന്നാൽ 2013-14 ൽ വി.ഇ.ഒ നടപ്പിലാക്കിയ മൂന്ന് പദ്ധതികളിലും വികസന ഫണ്ട് മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. പദ്ധതിയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| പദ്ധതി നംപർ | അടങ്കൽ | ചെലവു തുക | റിമാർക്സ് |
|---|---|---|---|
| Soo30/14 | 304000/-<br>(വികസന ഫണ്ട് 157682/-<br>പതിമൂന്നാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് 146318/-) | 152000/-<br>(വികസന ഫണ്ട്)<br>144000/-<br>(പതിമൂന്നാം ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | വികസന ഫണ്ട് മാത്രം ചെലവഴിച്ചിരിക്കുന്നു . |
| So175/14 | 320000/-<br>(വികസന ഫണ്ട് ) | 208000/-<br>(വികസന ഫണ്ട്) | വികസന ഫണ്ട് മാത്രം ചെലവഴിച്ചിരിക്കുന്നു . |
| Soo24/14 | 456000/-<br>(വികസന ഫണ്ട് 452838/-<br>തനത് ഫണ്ട് 3162/-) | 280000/-<br>(വികസന ഫണ്ട്) | വികസന ഫണ്ട് മാത്രം ചെലവഴിച്ചിരിക്കുന്നു . |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്കുള്ള മറുപടിയിൽ ശുചിത്വ മിഷന്റെ ഫണ്ട് ലഭ്യമല്ലാത്തതിനാലാണ് വകയിരുത്താത്തത് എന്നാണ് വിശദീകരണം നൽകിയിട്ടുള്ളത്. എന്നാൽ ഈ മറുപടി അംഗീകരിക്കാവുന്നതല്ല. പഞ്ചായത്തിന്റെ 2013-14 ലെ വാർഷിക കണക്കിൽ 1696500/- രൂപ സമ്പൂർണ്ണ ശുചിത്വ ഫണ്ടിൽ നീക്കിയിരിപ്പുണ്ട്. പദ്ധതികൾ ആവിഷ്കരിക്കുമ്പോൾ സർക്കാർ മാനദണ്ഡങ്ങൾ പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ് .

**3-4(5) ഇ .എം .എസ് ഭവന നിർമ്മാണം - ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.**

2009-10 വർഷം കരാർ വച്ച ഗുണഭോക്താക്കളിൽ താഴെ പറയുന്ന ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല .

| ക്രമ നംപർ | ഗുണഭോക്താവിന്റെ പേര് | തുക |
|---|---|---|

| | | |
|---|---|---|
| 1 | ബേബി, അയണി വിളാകം, ഇരിഞ്ചിയം | 22500 |
| 2 | നൂർജഹാൻ, എസ്.എൻ മൻസിൽ ,പനവൂർ | 22500 |
| 3 | അംബിക, തേക്കുംമൂട്, താന്നിമൂട്, ഇരിഞ്ചിയം | 22500 |
| 4 | ശാന്ത, വാഴപ്പന്തവീട് .ആറാംപള്ളി | 22500 |
| 5 | രാധമ്മ, വിഷ്ണു ഭവൻ , പനവൂർ | 37500 |
| 6 | മിനിമോൾ, വടക്കേക്കോണത്തുവീട്, ആനാട് | 22500 |
| 7 | നസീമാ ബീവി,തടത്തരികത്ത് വീട്, ചാരുംമൂട്, ചുള്ളിമാനൂർ | 22500 |
| 8 | ശ്യാമളദേവി,വലിയവിളവീട്, ഇരിഞ്ചിയം | 22500 |
| 9 | ഷൈലാ ബീവി ,പട്ടവിളവീട് ആനാട് | 52500 |

ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. സമയബന്ധിതമായി ഭവനനിർമ്മാണം പൂർത്തിയാക്കാൻ ഗുണഭോക്താക്കൾ തയ്യാറാകാത്തപക്ഷം അനുവദിച്ച ധനസഹായം തിരിച്ചടപ്പിക്കേണ്ടതാണ്.

## 3-5 വെറ്ററിനറി സർജൻ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പ്രോജക്ടുകളുടെ പരിശോധന

**3-5(1) കന്നുകുട്ടി പരിപാലനം - ധനവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല**

| | |
|---|---|
| പ്രോജക്റ്റ് നംപർ | S0015/14 |
| അടങ്കൽ | 800000/- [വികസന ഫണ്ട് -200000/-<br>ഗുണഭോക്തൃ വിഹിതം-400000/-<br>മറ്റുള്ളവ-200000/-] |
| ചെലവു തുക | 01/13-14 തീയതി 09/12/2013 രൂപ200000/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |

കന്നുകുട്ടി പരിപാലന പദ്ധതിയ്ക്കായി 200000/- രൂപ എസ്.എൽ.ബി.പി ഡെപ്യൂട്ടി ഡയറക്ടർക്ക് ഡി.ഡി നം 082097/12.12.13 പ്രകാരം നൽകിയിട്ടുണ്ടെങ്കിലും പദ്ധതിയുടെ ധനവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറിയ്ക്കുള്ള മറുപടിയിൽ കന്നുകുട്ടി പരിപാലന പദ്ധതിയ്ക്കായി നൽകിയ ലിസ്റ്റിൽനിന്നും അനുവദിച്ച മുഴുവൻ ഗുണഭോക്താക്കളുടേയും കന്നുകുട്ടികളുടേയും എന്റോൾമെന്റ് പൂർത്തിയാക്കിയതായും തീറ്റ വിതരണം നടക്കുന്നതായും ധനവിനിയോഗ സാക്ഷ്യപത്രത്തിന് അപേക്ഷ നൽ കിയതായും അറിയിച്ചിട്ടുണ്ട്. ധനവിനിയോഗ സാക്ഷ്യപത്രം അടിയന്തിരമായി ലഭ്യമാക്കേണ്ടതാണ്.

**3-5(2)സബ്സിഡി മാർഗരേഖയിൽ പ്രതിപാദിച്ചിട്ടില്ലാത്ത ഇനത്തിന് സബ്സിഡി അനുവദിച്ചു.**

| പ്രോജക്റ്റ് നമ്പർ | പ്രോജക്റ്റിന്റെ പേര് | അടങ്കൽ | ചെലവു തുക |
|---|---|---|---|
| S0014/14 | തൊഴുത്ത് പുനരുദ്ധാരണം<br>(55 ഗുണഭോക്താക്കൾ 55x2500) | 390000/- | ബിൽ നം. 4/13-14തീയതി13.03.14 രൂപ130000/-<br>ബിൽ നം. 8/13-14തീയതി 27.03.14<br>രൂപ7500/- |
| S0117/14 | ആട്ടിൻകൂട് നിർമ്മാണം<br>(125 ഗുണഭോക്താക്കൾ 2000x125) | 750000/- | ബിൽ നം. 3/13-14തീയതി13.03.14 രൂപ216000/-<br>ബിൽ നം. 7/13-14തീയതി 27.03.14<br>രൂപ42000/- |

പന്ത്രണ്ടാം പഞ്ചവൽസര പദ്ധതി മാർഗരേഖപ്രകാരം മൃഗസംരക്ഷണ മേഖലയിൽ അനുവദിക്കാവുന്ന പദ്ധതികളിൽ തൊഴുത്ത് പുനരുദ്ധാരണവും, ആട്ടിൻകൂട് നിർമ്മാണവും ഉൾപ്പെട്ടിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ്

എൻക്വയറിയ്ക്കുള്ള മറുപടിയിൽ (നം-4) ഗ്രാമസഭയുടെയും വർക്കിംഗ് ഗ്രൂപ്പിന്റേയും നിരന്തരമായ ആവശ്യം പരിഗണിച്ചായിരുന്നു പ്രോജക്റ്റ് സമർപ്പിച്ചിരുന്നതെന്നും തുടർന്നുള്ള വർഷങ്ങളിൽ ഈ പദ്ധതി ഒഴിവാക്കുന്നതായും അറിയിച്ചിട്ടുണ്ട്. പദ്ധതികൾ ആവിഷ്കരിക്കുമ്പോൾ സർക്കാർ മാർഗ നിർദേശങ്ങൾ പാലിക്കേണ്ടതാണ്.

## 3-6 സാധുക്കളായ വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം-കാലതാമസം ഒഴിവാക്കേണ്ടത്.

2013-14 വർഷം 4പേർക്ക് 30000.00രൂപ വീതവും 6പേർക്ക് 10000.00 വീതവും വിവാഹ ധനസഹായം നൽകിയിട്ടുണ്ട്. എന്നാൽ തുക വിതരണം ചെയ്തതിൽ കാലതാമസം നേരിട്ടതായി പരിശോധനയിൽ കാണുകയുണ്ടായി. വിശദാംശങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

| ക്രമ നം | അപേക്ഷകന്റെ പേര് | വിവാഹ തീയതി | അപേക്ഷാ തീയതി | ധനസഹായം ലഭിച്ച തീയതി |
|---|---|---|---|---|
| 1 | ബി.വത്സല | 30-9-13 | 19-8-13 | 31-3-14 |
| 2 | റ്റി.മെറ്റിൽഡ | 5-9-13 | 5-8-13 | 31-3-14 |
| 3 | കെ.കുമാരി | 9-9-13 | 12-8-13 | 31-3-14 |
| 4 | ജെ.സുനിത | 15-5-13 | 15-4-13 | 31-3-14 |
| 5 | സി.ഗീത | 28-5-12 | 28-6-12 | 23-12-13 |
| 6 | എസ്.രമണി | 11-2-12 | 23-3-12 | 23-12-13 |
| 7 | പി,താമരാക്ഷി | 12-12-11 | 6-3-12 | 23-12-13 |
| 8 | പി.വസന്തകുമാരി | 10-2-12 | 3-2-12 | 23-12-13 |
| 9 | ജയപ്രഭ | 24-1-12 | 31-1-12 | 23-12-13 |
| 10 | ചന്ദ്രിക | 28-4-12 | 28-7-12 | 23-12-13 |

ഇത്തരം ആനുകൂല്യങ്ങൾ അനുവദിക്കുന്നതിൽ കാലതാമസം ഉണ്ടാകാതിരിക്കുവാൻ നിർദ്ദേശിക്കുന്നു.

## 3-7 ആസ്തി രജിസ്റ്ററിന്റെ പരിശോധന.

ആസ്തി രജിസ്റ്റർ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട ചില പ്രധാനപ്പെട്ട വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. ആസ്തി രജിസ്റ്റർ പഞ്ചായത്തിന്റെ ആസ്തികൾ എല്ലാം ഉൾപ്പെടുത്തി കാലികമായി പരിഷ്കരിച്ചിട്ടില്ല. ശ്മശാന നിർമ്മാണത്തിനായി വഞ്ചുവം കീഴ്കോട്ടുമൂഴി എന്ന സ്ഥലത്ത് വാങ്ങിയ 75 സെന്റ് ഭൂമിയുടെ വിശദാംശങ്ങൾ ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. തവലോട്ടുകോണം പട്ടികജാതികോളനിയിലെ ഭൂമിയെ സംബന്ധിച്ചും രേഖപ്പെടുത്തലുകളില്ല. ആസ്തി രജിസ്റ്റർ ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തി പരിഷ്കരിക്കേണ്ടതാണ്.ജനങ്ങൾ തിങ്ങിപ്പാർക്കുന്ന പ്രദേശത്താണ് ശ്മശാനനിർമ്മാണത്തിന് ഭൂമി വാങ്ങിയത്.

2 ആനാട് മണ്ഡപംവിള എന്ന പ്രദേശത്ത് യഥാക്രമം 62ച.മീ.,65ച.മീ. എന്നിങ്ങനെ അളവുകളുള്ള രണ്ട് കുളങ്ങളുള്ളതായി ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്(ആസ്തി രജിസ്റ്ററിൽ യഥാക്രം [1]ക്രമ നം 1,ബുക്ക് പേജ് റഫ.നം 1 48 1,ഫോം റഫ.ഐഡി നം 126300104800000001 [2] ക്രമ നം.2, ബുക്ക് പേജ് റഫ. നം. 1 48 2, ഫോം റഫ. ഐഡി നം. 126300104800000002) എന്നാൽ സ്ഥലപരിശോധനയിൽ പ്രസ്തുത കുളങ്ങൾ ആ പ്രദേശത്ത് നിലവിലില്ലെന്നു കാണുന്നു.

3. ആനാട് ജംഗ്ഷനേയും ചന്ദ്രമംഗലം എന്ന പ്രദേശത്തേയും ബന്ധിപ്പിച്ച് 1കി.മീ. നീളവും 4 മീ. വീതിയും 3മീ.കാരിയേജ് വേയും ഉള്ള ഒരു റോഡ് ഉള്ളതായി ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തലുകളുണ്ട് (ക്രമ നം.69, ഫോം റഫ. ഐഡി നം. 126300102400000002) പൂർണ്ണമായ അളവിൽ സഞ്ചാരയോഗ്യമല്ലാത്തതായി ഈ റോഡ് സ്ഥലപരിശോധനയിൽ കാണപ്പെട്ടു. ആകെ 500മീ.നീളത്തിൽ മാത്രമാണ റോഡ് ഉള്ളത്. പഞ്ചായത്ത് ആസ്തിയിൽ വരുന്ന ഈ പാത പുനരുദ്ധരിച്ച് ജനങ്ങൾക്ക് ഉപയോഗപ്രദമാക്കേണ്ടതാണ്.

4.ചന്ദ്രമംഗലം കുളം( ക്രമ നം 5 ബുക്ക് പേജ് റഫ.നം. 1 47 5, ഫോം റഫ. ഐഡി നം.126300104700000005 സ്ഥലവിസ്തൃതി- 4 ആർ 96 ച.മീ.) പണ്ടാരക്കോണം ചിറ എന്നിവയും ആവശ്യമായ സംരക്ഷണം ലഭിക്കാതെ നാശാവസ്ഥയിലാണെന്ന് സ്ഥലപരിശോധനയിൽ കാണപ്പെട്ടു.നീർത്തടങ്ങളുടെ സംരക്ഷണം പഞ്ചായത്തിന്റെ അടിയന്തിര കർത്തവ്യമായതിനാൽ ആവശ്യമായ നടപടികൾ സ്വീകരിച്ച് പ്രദേശത്തെ ജലസംരക്ഷണ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തേണ്ടതാണ്.

5. പഞ്ചായത്തോഫീസിനു മുൻവശത്തായി സംസ്ഥാന ഹൈവേയോട് ചേർന്ന് മുപ്പത് സെന്റ് ഭൂമി പഞ്ചായത്ത് വിദ്യാഭ്യാസ വകുപ്പിൽ നിന്നും വാങ്ങിയിട്ടുണ്ട്. എന്നാൽ കൈമാറ്റ പ്രക്രിയ പൂർണ്ണമാകാത്തതിനാൽ ഈ വസ്തു പഞ്ചായത്തിന്റെ അധീനതയിലായിട്ടില്ല. ഈ ഭൂമി മതിൽകെട്ടി സംരക്ഷിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിലും പൂർത്തിയായിട്ടില്ല.

6. ഹോളോ ബ്രിക്സ് നിർമ്മാണ ലക്ഷ്യത്തോടെ ആരംഭിച്ച വനിതാ ചെറുകിട വ്യവസായ യൂണിറ്റ്, പ്രവർത്തനം ആരംഭിക്കാത്തതിനാൽ പൂർണ്ണമായും നശിച്ച അവസ്ഥയിലാണ്. വ്യവസായ യൂണിറ്റ് പുനരുദ്ധരിപ്പിക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

7.ഏറ്റവും നല്ല പഞ്ചായത്തിനുള്ള അവാർഡ് തുക ഉപയോഗിച്ച് 2004-2005 വർഷം നിർമ്മിച്ച പഞ്ചായത്ത് ജിംനേഷ്യം ഉപയോഗിക്കപ്പെടാതെ നശിച്ച നിലയിലാണ്. ലക്ഷക്കണക്കിന് രൂപ ചെലവഴിച്ച് വാങ്ങിയ ഉപകരണങ്ങളും നാശത്തിന്റെ വക്കിലാണ്.

8.സംസ്ഥാന തല മത്സരങ്ങൾക്കുവരെ ഉപയോഗിക്കപ്പെടുന്ന വേങ്കവിള നീന്തൽക്കുളം മതിയായ സംരക്ഷണമില്ലാത്ത അവസ്ഥയിലാണ്. നീന്തൽ താരങ്ങളുടെ ആരോഗ്യ സംരക്ഷണാർത്ഥം ശുചിത്വത്തോടെ സൂക്ഷിക്കേണ്ട ഈ കുളത്തിൽ പരിസരവാസികൾ കന്നുകാലികളെ ഇറക്കുന്നതിനാൽ പൂർണ്ണമായും മലിനീകരിക്കപ്പെട്ടിരിക്കുന്നു. കുളത്തോടനുബന്ധിച്ച് പഞ്ചായത്ത് നിർമ്മിച്ച കെട്ടിടവും കക്കൂസും നിലവിൽ ഒരു സ്വകാര്യ ക്ലബ്ബ് സ്വന്തം പേര് രേഖപ്പെടുത്തി ഉപയോഗിച്ചുവരുന്നതായും ശ്രദ്ധയിൽപ്പെട്ടു. ഈ കുളത്തിൽ നിന്നും കെട്ടിടത്തിൽ നിന്നും നിലവിൽ പഞ്ചായത്തിന് വരുമാനമൊന്നുമില്ല. പഞ്ചായത്തിന്റെ അധീനതയിലുള്ള മുഴുവൻ ആസ്തികളുടെയും നിലവിലുള്ള സ്ഥിതി അടിയന്തിരമായി പരിശോധിക്കേണ്ടതും ആയതിന്റെ സംരക്ഷണത്തിനുള്ള പരിഹാരനടപടികൾ ദ്രുതഗതിയിൽ നടത്തുന്നതിനും ഭരണസമിതി നടപടിയെടുക്കേണ്ടതാണ്.

# ഭാഗം -4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | മണലിവിള എസ്.സി കോളനി പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | ലഭ്യമല്ല | 69500<br>121500 | --<br>-- | 69500<br>121500 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ | തൻവർഷം തിരിച്ചടച്ച തുക | വർഷാവ |
|---|---|---|---|---|---|

| | നമ്പർ/തിയ്യതി | | ബാക്കിയുണ്ടായിരുന്ന തുക | | | സാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് ഭവന പദ്ധതി | 275/2010/27.01.2010 | 15651000 | 10955700 | 1565100 | 942319 | 9390600 |

# 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

# 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 26860 രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗ പ്പേരും | രശീത് നമ്പർ/തിയ്യതി |
|---|---|---|---|---|
| 2010-11 | 2.2(1)എ | 100/- | നാസറുദ്ദീൻ<br>എം.എം. പ്രൊവിഷൻ സ്റ്റോർ | 11307101779/<br>തീയതി 10.09.2013 |
| | 2.2(2) | 100/- | വിപിൻ.വി.<br>സായ് ട്രേഡേഴ്സ് | 11307101626/<br>തീയതി 27.08.2013 |
| | 2.2(3) | 100/- | അഖില.എസ്.ആർ<br>ചൈതന്യ ഏജൻസീസ് | 11307101572/<br>തീയതി 21.08.2013 |
| | 2.2(ബി) | | | |
| | 1 | 100/- | ഷാഹിതാബീവി<br>സായ് ഫ്യൂവൽസ് | 11307101778/<br>തീയതി 10.09.2013 |
| | 4 | 100/- | കെ.മോഹനൻ നായർ<br>എ,കെ.ഫ്ലവർമിൽ | 11307101556/<br>തീയതി 21.08.2013 |
| | 2.3 | 20000+4800 (പലിശ) =24800/- | സജാദ്<br>ഷാ മൻസിൽ<br>ചുള്ളിമാനൂർ | 25308/23<br>തീയതി 28.03.2014 |
| | 3.2(2) | 360/- | സുനിതാ കുമാരി | 11307101578/<br>തീയതി 23.08.2013 |
| | 3.4 | 480/- | ലാലുമോൻ | 11307101595/<br>തീയതി 24.08.2013 |
| | 3.7 | 360/- | സുജ.പി | 11307101992/ |

| | | | | |
|---|---|---|---|---|
| | | | | തീയതി 03.10.2013 |
| | 3.10 | 360/- | സിന്ധു | 11307102050/<br>തീയതി 09.10.2013 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പു പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2000-01 | 51 | 2003-04 | - | - | ഖണ്ഡിക നിലനിൽക്കുന്നു |
| 2001-02 | 45 | 2005-06 | - | ഹോളോബ്രിക്സ് യൂണിറ്റ് സംബന്ധിച്ച് | ഖണ്ഡിക നിലനിൽക്കുന്നു |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ | 101867111 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 74989458 |
| വരവിനങ്ങളിലുള്ള നഷ്ടം | -- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 167730 |

**(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| ഇല്ല | | | |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3.3 | 32730 | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) |
| 3.4(2) | 75000 | വി.ഇ.ഒ. |
| 3.4(3) | 60000 | വി.ഇ.ഒ. |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| 1. കെ.മോഹനൻ ചെട്ടിയാർ, സെക്രട്ടറി | സെക്രട്ടറി | ശ്രീ.സാകേതം, നെട്ടിറച്ചിറ, നെടുമങ്ങാട്. |

# 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ.

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 2000-01 | നം. എൽ.എഫ്.റ്റി.ഡി.ജി.പി-6/649/2003<br>തീയതി 12.06.2014 | 6 | ഖ.51.സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുണ്ട്. |
| 2001-02<br>(വരവ്) | നം. എൽ.എഫ്.റ്റി.ഡി.ജി.പി-6/209/2006<br>തീയതി 01.08.2014 | ഇല്ല | |
| 2001-02<br>(ചെലവ്) | നം. എൽ.എഫ്.റ്റി.ഡി.ജി.പി-6/1372/2006<br>തീയതി 12.06.2014 | 2 | ഖ.45.സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുണ്ട്. |
| 2002-03 | നം. എൽ.എഫ്.റ്റി.ഡി.ജി.പി-6/210/2006<br>തീയതി 12.06.2014 | 3 | |

| | | | |
|---|---|---|---|
| | | | |
| 2003-04 | നം. എൽ.എഫ്.റ്റി.ഡി.ജി.പി-6/243/2009<br>തീയതി 12.06.2014 | 1 | |
| 2004-05 | നം. എൽ.എഫ്.റ്റി.ഡി.ജി.പി-6/244/2009<br>തീയതി 12.06.2014 | 1 | |
| 2005-06 | നം. എൽ.എഫ്.റ്റി.ഡി.ജി.പി-6/245/2009<br>തീയതി 12.06.2014 | 2 | |
| 2006-07 | നം. എൽ.എഫ്.റ്റി.ഡി.ജി.പി-6/217/2010<br>തീയതി 12.06.2014 | 2 | |
| 2007-08 | നം. എൽ.എഫ്.റ്റി.ഡി.ജി.പി-6/221/2010<br>തീയതി 01.08.2014 | 1 | |
| 2008-09 | നം. എൽ.എഫ്.റ്റി.ഡി.ജി.പി-6/1373/2011<br>തീയതി 12.06.2014 | 1 | |
| 2009-10 | നം. എൽ.എഫ്.റ്റി.ഡി.ജി.പി-6/1372/2011<br>തീയതി 01.08.2014 | 2 | |
| 2010-11 | നം. എൽ.എഫ്.റ്റി.ഡി.ജി.പി-6/1854/2013<br>തീയതി 29.11.2013 | 15 | |
| 2011-12 | നം. എൽ.എഫ്.റ്റി.ഡി.ജി.പി-6/1917/2013<br>തീയതി 31.10.2014 | 11 | |
| 2012-13 | നം. എൽ.എഫ്.റ്റി.ഡി.ജി.പി-6/1245/2014<br>തീയതി 02.02.2015 | 16 | |

(ഒപ്പ് )

**ഡെപ്യൂട്ടി ഡയറക്ടർ**

**കേരളാ സംസ്ഥാന ഓഡിറ്റ്**

രാജ് 16.10.2015

**അനുബന്ധം-1**

**ഓഡിറ്റ് സർട്ടിഫിക്കറ്റ്**

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ വകുപ്പ് (4)-1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-വകുപ്പ് അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും ആനാട് ഗ്രാമപഞ്ചായത്തിന്റെ 2013-14 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിലെ 2,3 ഭാഗങ്ങളിലെ ഖണ്ഡികകളിൽ വിശദീകരിച്ചിട്ടുള്ളതു പോലെ 167730/- രൂപയുടെ തടസ്സം ഒഴികെ എന്റെ അഭിപ്രായത്തിൽ വാർഷിക ധനകാര്യ പത്രിക ആനാട് ഗ്രാമപഞ്ചായത്തിന്റെ 2013-14 സാമ്പത്തികവർഷത്തെ വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു. ഇത് തയ്യാറാക്കിയത് 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-വകുപ്പും 2003ജൂൺ-12 ലെ നമ്പർ:319/2003/ധന, തിയതി:12.06.2003 ഉത്തരവും അനുസരിച്ചാണ്.

( ഒപ്പ് )

**ഡെപ്യൂട്ടി ഡയറക്ടർ**